(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്, ജി) ചോദ്യം ഉദിക്കുന്നില്ല.

ഗ്രാമങ്ങൾ ദത്തെടുക്കുന്ന നടപടി

1702 [2557] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ഗ്രാമവികസന പരിപാടിയുടെ ഭാഗമായി ഒരു ഷെഡ്യൂൾഡ് ബാങ്കിനെക്കൊണ്ട് ഒരു ഗ്രാമം എന്ന കണക്കിൽ ദത്തെടുപ്പിച്ച് ആ ഗ്രാമത്തിലെ പത്തു കുടുംബങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) അപ്രകാരമുള്ള ഏതെങ്കിലും സ്കീമുകൾ ഇപ്പോൾ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംയോജിത ഗ്രാമവികസന പരിപാടിയുടെ ഭാഗമായി ഒരു ഷെഡ്യൂൾഡ് ബാങ്കിനെക്കൊണ്ട് ഒരു ഗ്രാമം എന്ന കണക്കിൽ ദത്തെടുപ്പിച്ച് ആ ഗ്രാമത്തിലെ പത്തു കുടുംബങ്ങൾക്ക് തൊഴിൽ അവസരം ഉണ്ടാക്കിക്കൊടുക്കുന്ന പദ്ധതി ഈ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെൻറിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) സംയോജിത ഗ്രാമവികസനപരിപാടിയനുസരിച്ച് ഗ്രാമം ദത്തെടുക്കുന്ന സ്കീം ഇല്ല.

(സി) ഉദിക്കുന്നില്ല.

വെള്ളനാട് ബ്ലോക്കിൽ ഏറെടുത്ത ഭവനനിർമ്മാണ സ്കീമുകൾ

1703 [2558] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1981–82, 1982–83, 1983–84, 1984–85, 1985–86 എന്നീ സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ വെള്ളനാട് ബ്ലോക്കിൽ വിവിധ പദ്ധതികൾ അനുസരിച്ച് ഏറെടുത്തിട്ടുള്ള ഭവന നിർമ്മാണ സ്കീമുകൾ ഏവ;

(ബി) എത്ര വീടുകൾ നിർമ്മിച്ചു;

(സി) പഞ്ചായത്തടിസ്ഥാനത്തിലുള്ള ലിസ്റ്റുകൾ നൽകാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. പദ്ധതികൾ അനുസരിച്ച് ഏറെടുത്തിട്ടുള്ള ഭവനനിർമ്മാണ പദ്ധതികളെക്കുറിച്ച് ഉള്ള വിവരം

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഈ വകുപ്പിൽ ലഭ്യമായുള്ളു. അപ്രകാരം 1981–82–ൽ ഭവന നിർമ്മാണം നടന്നിട്ടില്ല. 1982–83–ൽ എൻ.ആർ.ഇ.പി. പ്രകാരം ഒരു സ്കീം നടപ്പിലാക്കിയിട്ടുണ്ട്. 1983–84–ൽ ഭവന നിർമ്മാണ സ്കീമില്ല. 1984–85–ൽ ആർ.എൽ.ഇ.ജി.പി. പ്രകാരം ഒരു സ്കീം പ്രാവർത്തികമാക്കി. 1985–86–ൽ എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. പദ്ധതികൾ പ്രകാരം ഓരോ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കി.

(ബി) മൊത്തം 108 വീടുകളാണ് നിർമ്മിച്ചിട്ടുള്ളത്.

(സി) പഞ്ചായത്തടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു:

തൊളിക്കോട് പഞ്ചായത്ത്	30
വെള്ളനാട് പഞ്ചായത്ത്	14
പൂവച്ചൽ പഞ്ചായത്ത്	24
കാട്ടാക്കട പഞ്ചായത്ത്	12
ആര്യനാട് പഞ്ചായത്ത്	10
കുറ്റിച്ചൽ പഞ്ചായത്ത്	5
വിതുര പഞ്ചായത്ത്	13
	108

കിളിമാനൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ദാരിദ്ര്യരേഖയുടെ താഴെ ജീവിക്കുന്നവർ

1704 [2559] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ മണ്ഡലത്തിൽപ്പെട്ട നഗരൂർ, നാവായിക്കുളം, മടവൂർ, മുദാക്കൽ, കരവാരം, കിളിമാനൂർ, പള്ളിക്കൽ, പഴയകുന്നുമ്മേൽ, പുളിമാത്ത് എന്നീ പഞ്ചായത്തുകളിൽ ദാരിദ്ര്യരേഖക്ക് താഴെ സ്ഥിതി ചെയ്യുന്ന കുടുംബങ്ങൾ എത്ര വീതമാണെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

1.	നഗരൂർ	1750 കുടുംബങ്ങൾ
2.	നാവായിക്കുളം	1647 ,,
3.	മടവൂർ	1165 ,,
4.	മുദാക്കൽ	1608 ,,
5.	കരവാരം	1807 ,,
6.	കിളിമാനൂർ	1223 ,,
7.	പള്ളിക്കൽ	957 ,,
8.	പഴയകുന്നുമ്മേൽ	1890 ,,
9.	പുളിമാത്ത്	2733 ,,

ബ്ലോക്കുകളിൽ ടെലിവിഷൻ സെറ്റുകൾ

1705 [2560] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly